പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2799 10.07.2015 - ൽ മറുപടിയ്ക്ക്

**കടത്തിക്കൊണ്ടുവരുന്ന കുട്ടികൾ**

ചോദ്യം

ശ്രീ.സി.ദിവാകരൻ

ശ്രീ. കെ.രാജു

ശ്രീ.ഇ.കെ.വിജയൻ

ശ്രീമതി. ഗീതാ ഗോപി

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മതിയായ രേഖകൾ ഇല്ലാതെ കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര കുട്ടികളെയാണ് കടത്തിക്കൊണ്ടുവന്നതെന്ന് വ്യക്തമാക്കമോ ; | (എ) | ഉണ്ട്. 24.05.2014-ൽ ബീഹാർ, ജാർഖണ്ഡ്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽ നിന്നും പാലക്കാട് റെയിൽവേ സ്റ്റേഷനിൽ എത്തിയ 578 കുട്ടികളിൽ മുക്കം മുസ്ലീം ഓർഫനേജിലെ വിദ്യാർത്ഥികളായിരുന്ന 207 പേരെയും വെട്ടത്തൂർ അൻവാരുൾ ഹുദ കോംപ്ലക്സ് ഓർഫനേജിലെ വിദ്യാർത്ഥിക ളായിരുന്ന 64 പേരെയും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുകയും, 198 പേരെ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുകയും 109 പേരെ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ കമ്മിറ്റി മാതാപിതാക്കൾക്ക് കൈമാറുകയും ഉണ്ടായി. 21.05.2015- ൽ മതിയായ രേഖകൾ ഇല്ലാതെ 29 കുട്ടികൾ എറണാകുളം റെയിൽവേ സ്റ്റേഷനിൽ നെട്ടൂരിലെ ഖദീജത്തുൽ കുബ്റ ഇസ്ലാമിക് ഓർഫനേജിലേയ്ക്ക് കൊണ്ടുവന്നതും തുടർന്ന് 01.06.2015- ൽ 16 കുട്ടികളെ ആലുവയിലെ ജനസേവ ശിശുഭവൻ കൊണ്ടുവന്നതും, എറണാകുളം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും ബഹു: കേരള ഹൈക്കോടതിയുടെയും പരിഗണന യിലാണ്. |
| (ബി) | എന്താവശ്യത്തിനു വേണ്ടി യാണ് കുട്ടികളെ ഇപ്രകാരം കടത്തിക്കൊണ്ടു വരുന്നതെന്ന് വ്യക്ത മാക്കുമോ ; | (ബി) | കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനു വേണ്ടിയാണ് കൊണ്ടുവരുന്നത്. |

| | | | |
|---|---|---|---|
| (സി) | കടത്തിക്കൊണ്ടുവരുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ ഏറ്റെടുക്കാറുണ്ടോ; ഇവരെ തിരിച്ച് രക്ഷാകർത്താക്കളെ ഏല്പിക്കാറുണ്ടോ ? | (സി) | സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികൾക്ക് മതിയായ രേഖകൾ ഇല്ലാത്ത പക്ഷം ചൈൽഡ് ലൈനും, പോലീസും, ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കുകയും ചൈൽഡ് വെൽഫയർ കമ്മിറ്റി തീർപ്പ് കല്പിക്കുന്ന പ്രകാരം നടപടി സ്വീകരിച്ച് വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ